**സർക്കുലർ**

67/എൻഎസ്എസ്/ഡിഎച്ച്എസ്ഇ/2018 08/05/2018

**ജൂൺ 5 ലോക പരിസ്ഥിതി ദിനം 2018**

ഓർമ്മ മരം

ജൂൺ 5-ാം തീയതി എല്ലാ വർഷവും നാം പരിസ്ഥിതിദിനമായി ആചരിക്കുകയാണല്ലോ. പരിസ്ഥിതി ദിനാചരണത്തിന്റെ പ്രസക്തി വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണ് നമുക്ക് മുൻപിലുള്ളത്. മണ്ണും,വെള്ളവും വായുവുമടക്കമുള്ള പരിസ്ഥിതി സംരക്ഷിക്കപ്പെടേണ്ടത് ജീവജാലങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. പരിസ്ഥിതിദിനാചരണം ജൂൺ 5ന്റെ പരിപാടികളിൽ മാത്രം അവസാനിക്കേണ്ടതല്ല. സാമൂഹ്യ,പാരിസ്ഥിതിക പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്ന പ്രസ്ഥാനം എന്ന നിലയിൽ ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം ഈ ദിനത്തിന് വേണ്ടി മുൻകൂട്ടി തയ്യാറെടുക്കേണ്ടതാണ്.

ഈ വർഷത്തെ പരിസ്ഥിതി ദിനാചരണത്തിനുമുന്നോടിയായി വിദ്യാർത്ഥികൾക്ക് നൽകുന്നതിന് ആവശ്യമായ ഫലവൃക്ഷത്തൈകൾ നമ്മുടെ ക്യാമ്പസുകളിൽ ഉൽപാദിപ്പക്കേണ്ടതാണ്. അവധിക്കാലമായതിനാൽ പ്രസ്തുത പ്രവർത്തനം പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ വോളന്റിയർമാരെകൊണ്ട് പൂർത്തീകരിക്കേണ്ടതാണ്. ഇതിനായി എല്ലാ യൂണിറ്റുകളിലെയും മുഴുവൻ വോളന്റിയർമാരും ഒരു വോളന്റിയർക്ക് പത്ത് ഫലവൃക്ഷത്തൈ എന്ന ക്രമത്തിൽ ഉൽപാദിപ്പിക്കുകയും ജൂൺ 5-ാം തീയതിയിലെ വിതരണത്തിനായി തയ്യാർ ചെയ്യേണ്ടതുമാണ്.

നാടൻമാവ്, പ്ലാവ് എന്നീ സുലഭമായി ലഭിക്കുന്ന വിത്തിനങ്ങൾ സ്കൂൾ ക്യാമ്പസുകളിലോ സൗകര്യപ്രദമായി സംരക്ഷിക്കാൻ കഴിയുന്ന ഇടങ്ങളിലോ പേപ്പർ ഗ്ലാസ്സിലോ തൊണ്ടിലോ പാകി മുളപ്പിക്കാവുന്നതാണ്. ടി പ്രവർത്തനം മെയ് രണ്ടാം വാരം ആരംഭിച്ച് ജൂൺ 5-ാം തീയതി വിതരണത്തിനായി തയ്യാറാക്കേണ്ടതാണ്. പിഎസി അംഗങ്ങൾ പ്രവർത്തനം വിലയിരുത്തേണ്ടതാണ്. പരിസ്ഥിതി ദിനത്തിൽ **'ഓർമ്മ മരം'** എന്ന പരിപാടിയായി ജനപങ്കാളിത്തത്തോടെ വൃക്ഷത്തൈ വിതരണവും വിദ്യാലയങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തും ദത്തു ഗ്രാമത്തിലും വൃക്ഷത്തൈകൾ

വച്ചുപിടിപ്പിയ്ക്കൽ സംഘടിപ്പിക്കേണ്ടതും തുടർ പ്രവർത്തനം കൃത്യമായി നടത്തേണ്ട തുമാണ്. പ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങളുടെ ചിത്രങ്ങൾ അതാത് ജില്ലാമെയലി ലേയ്ക്ക് അയയ്ക്കേണ്ടതാണ്.

വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാ ന്യത്തെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാം. ചിത്രരചന, കാർട്ടൂൺ, കവിതാരചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിയ്ക്കാം. ഹ്രസ്വചിത്രങ്ങൾ, ഡോക്കുമെന്ററി പ്രദർശനം, തെരുവുനാടകം, റാലി, പരിസ്ഥിതി സംരക്ഷണത്തിനു പ്രാധാന്യം നൽകിയുള്ള ചർച്ചകൾ, ക്ലാസ്സുകൾ, ഫോട്ടോ പ്രദർശനം, എക്സിബിഷൻ തുടങ്ങിയവയും സംഘടിപ്പിയ്ക്കാം. സ്കൂൾ ക്യാമ്പസുകളിൽ ഗ്രീൻപ്രോട്ടോകോൾ പ്രഖ്യാപനം കൂടി സംഘടിപ്പിയ്ക്കേണ്ടതാണ്.

ഒപ്പ്

പ്രോഗ്രാം കോഡിനേറ്റർ